പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3446 18/02/2013- ൽ മറുപടിക്ക്

## കന്നുകാലി പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കേന്ദ്രസർക്കാരിന്റെ വിദർഭാപാക്കേജിൽ ഉൾപ്പെടുത്തി പ്രത്യേക കന്നുകാലി പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ; | (എ) ഉണ്ട്.<br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2 പശുക്കളുള്ള ഡയറി യൂണിറ്റ് - 1500 എണ്ണം. (2006-07,2007-08, 2008-09 എന്നീ വർഷങ്ങളിൽ 500 യൂണിറ്റ് വീതം)<br>2. കന്നുകുട്ടി പരിപാലന പദ്ധതി - 1500 എണ്ണം. (2006-07,2007-08, 2008-09 എന്നീ വർഷങ്ങളിൽ 500 യൂണിറ്റ് വീതം.)<br>3. പാലുല്പാദനമുള്ള പശുക്കൾക്ക് ഒരു വർഷം സൗജന്യ നിരക്കിൽ തീറ്റ വിതരണം - 3000 പശുക്കൾക്ക്<br>4. സൗജന്യ കൃത്രിമ ബീജസങ്കലന പദ്ധതി<br>5. കന്നുകാലി പ്രജനന പദ്ധതിയും വന്ധ്യതാ നിവാരണവും.<br>6. പശുക്കൾക്കുള്ള ഗർഭകാല തീറ്റ പദ്ധതി (അവസാന 3 മാസക്കാലം) - 7500 പശുക്കൾക്ക്<br>7. പശുക്കളുടെ ആരോഗ്യപരിപാലനം - 2000 പശുക്കൾ |

(ബി) ഈ പദ്ധതിയിൽ എത്ര ക്ഷീരകർഷർക്ക് കന്നുകാലി വിതരണം ചെയ്തിട്ടുണ്ട്;

ഇതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ 1500 ക്ഷീരകർഷകർക്ക് 2 പശുക്കളെ വീതം ആകെ 3000 പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു.

1. കർഷക ആത്മഹത്യ നടന്ന കുടുംബങ്ങൾ

2.വിധവകൾ

3. ദാരിദ്രരേഖക്ക് താഴെയുള്ളവർ

4. കാർഷിക കടം നിലവിലുള്ളവർ

(സി) ഈ മേഖലയിലെ വിലവർദ്ധനവും മറ്റു കാരണങ്ങളുംമൂലം അനുവദിച്ച വായ്പാ

തുക തിരിച്ചടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഈ മേഖലയിൽ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിന് ഈ തുക എഴുതിത്തള്ളുന്ന വിഷയം

പരിഗണിക്കുമോ; വിശദമാക്കുമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ

ns